Malappuram District Police

# 04.10.2017 വണ്ടൂർ

ആയുർവേദ മരുന്നുവില്പ്പനക്കാരനിൽ നിന്ന് ഉത്തേജകമരുന്നും പണവും പിടിച്ചുപറിച്ച കേസിൽ വണ്ടൂരിൽ മൂന്നുപേർ പിടിയിലായി. കാളികാവ് ചാഴിയോട് മഞ്ഞക്കടവൻ പ്രസീത് (26), പത്തപ്പിരിയം ഉള്ളാട്ടിൽ ഫാസിൽ (19), എടവണ്ണ ചാത്തല്ലൂർ മുണ്ടുപറമ്പത്ത് സുധീഷ് (18) എന്നിവരെയാണ് വണ്ടൂർ എസ്.ഐ. പി. ചന്ദ്രൻ അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ശനിയാഴ്ച വണ്ടൂർ മണലിമ്മൽപ്പാടം ബസ് സ്റ്റാൻറിൽ വെച്ചാണ് കേസിനാസ്പദമായ സംഭവം നടന്നത്. ഫോൺ മുഖേന ഓർഡർ ചെയ്ത ലൈംഗിക ഉത്തേജക മരുന്ന് വിതരണത്തിനെത്തിയ തൃശ്ശൂർ സ്വദേശിയായ സെയിൽസ് എക്സിക്യൂട്ടീവിൽ നിന്ന് പ്രതികൾ മരുന്നും രണ്ടായിരം രൂപയും പിടിച്ചുപറിച്ചെന്നാണ് കേസ്. പോലീസിന് ലഭിച്ച പരാതിയെ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് പ്രതികൾ പിടിയിലായത്. കോടതിയിൽ ഹാജരാക്കിയ മൂന്നു പ്രതികളെയും റിമാൻറ് ചെയ്തു.